## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1060 — 14/01/2021-ൽ മറുപടിക്ക്

### താത്കാലിക-സ്ഥിര നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിൽ വകുപ്പ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, മാവേലിക്കര എംപ്ലോയ്മെന്റ് ഓഫീസ് എന്നിവ മുഖാന്തിരം നടത്തിയ താത്ക്കാലിക-സ്ഥിര നിയമനങ്ങളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 156 സ്ഥിരം നിയമനങ്ങളും, 1441 താൽക്കാലിക നിയമനങ്ങളും നടന്നിട്ടുണ്ട്. ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 1409 ഉപഭോക്താക്കൾക്കായി ആകെ 7,05,24,479/- (ഏഴ് കോടി അഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരത്തി നാന്നൂറ്റി എഴുപത്തി ഒൻപത് മാത്രം) രൂപയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന 'കൈവല്യ' പദ്ധതി പ്രകാരം 45 ഉപഭോക്താക്കൾക്കായി ആകെ 22,50,000/- (ഇരുപത്തിരണ്ട് ലക്ഷത്തി അൻപതിനായിരം മാത്രം) രൂപയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്ന-തിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി-യായ 'കെസ്റ്റു' പദ്ധതി പ്രകാരം 192 ഉപഭോക്താക്കൾക്കായി ആകെ 32,54,390/- (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ് മാത്രം) രൂപയും, മൾട്ടിപർപ്പസ്/ജോബ് ക്ലബ് പദ്ധതി പ്രകാരം 11 ഉപഭോക്താക്കൾക്കായി ആകെ 14,17,106/- (പതിനാല് ലക്ഷത്തി പതിനേഴായിരത്തി നൂറ്റി ആറ് മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരമേറ്റ ശേഷം വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണ പ്രവർത്തനങ്ങൾക്കായി ആകെ 10,05,500/- (പത്ത് ലക്ഷത്തി അയ്യായിരത്തി അഞ്ഞൂറ് മാത്രം) രൂപയും ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് അനുവദിച്ചിട്ടുണ്ട്.<br>എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കുമായി വിവിധ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, കരിയർ ടാക്ക്, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ ഈ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ ഉദ്യോഗാർത്ഥികളിൽ നേരിട്ട് എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം PSC ഫെസിലിറ്റേഷൻ സെന്ററും ആലപ്പുഴ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 96 സ്ഥിരം നിയമനങ്ങളും, 329 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 'ശരണ്യ' പദ്ധതി പ്രകാരം 153 ഗുണഭോക്താക്കൾക്കായി ആകെ 76,50,000/- (എഴുപത്തിയാറ് ലക്ഷത്തി അൻപതിനായിരം മാത്രം) രൂപയും, 'കൈവല്യ' പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്കായി ആകെ 6,00,000/- (ആറ് ലക്ഷം മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.<br>കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ ഇ- |

| | | | |
|---|---|---|---|
| | | | ഓഫീസ് പദ്ധതി ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ഭിന്നശേഷിക്കാർക്കായി സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ALIMCO യുമായി സഹകരിച്ച് ADIP സ്കീം മുഖേന എംപ്ലോയ്മെന്റ് വകുപ്പും VRC (വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ) സംയുക്തമായി ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വച്ച് അസ്സസ്സ്മെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി തെരഞ്ഞെടുത്ത 574 ഗുണഭോക്താക്കൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ആയതിൽ കാർത്തികപ്പള്ളി താലൂക്കിന്റെ ഭാഗമായ കായംകുളം, കൂടാതെ മാവേലിക്കര, അടൂർ, കരുനാഗപ്പള്ളി എന്നീ താലൂക്കുകളിലായി പൊതുവായി നടത്തിയ അസ്സസ്സ്മെന്റ് ക്യമ്പ് വഴി തെരഞ്ഞെടുത്ത 147 ഗുണഭോക്താക്കൾക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. |

**സെക്ഷൻ ഓഫീസർ**